**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6191** **09-11-2021 - ൽ മറുപടിയ്ക്ക്**

**ശുദ്ധജല, ഓരു ജല മത്സ്യക്കൃഷിക്ക് നൽകിവരുന്ന സഹായ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ശുദ്ധജല, ഓരു ജല മത്സ്യക്കൃഷിക്ക് സർക്കാർ നൽകിവരുന്ന സഹായ പദ്ധതികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ശുദ്ധജല, ഓരുജല മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ വിവിധ സഹായ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. 2021-22 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ 98 കോടി രൂപയുടെ സുഭിക്ഷകേരളം - ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി ശുദ്ധജല മത്സ്യകൃഷിയും ഓരുജല മത്സ്യകൃഷിയും നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം 7.50 കോടി രൂപയുടെ റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം എന്ന പദ്ധതിയും അഡാക്ക് വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 12 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിയും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിനു പുറമേ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം 55.9 കോടി രൂപയുടെ ബയോഫ്ലോക്ക് അക്വാകൾച്ചർ സിസ്റ്റം, ഓരുജല കൂടുകൃഷി, കുളങ്ങളിലെ ഓരുജല മത്സ്യകൃഷി എന്നീ 3 പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ശുദ്ധജല, ഓരുജല മത്സ്യക്കൃഷിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കൃഷിക്കാർ ഉല്പാദിപ്പിക്കുന്ന മത്സ്യത്തിന്റെ സംഭരണം, വിതരണം എന്നിവയ്ക്ക് നിലവിൽ സംവിധാനമുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | മൽസ്യകർഷകർ ഉല്പാദിപ്പിക്കുന്ന മത്സ്യത്തിന്റെ വിതരണത്തിനായി നിലവിൽ ഒരു യൂണിറ്റിന് 10 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 25 മാർക്കറ്റിംഗ് ഔട്ട് ലെറ്റുകൾ നടപ്പ് സാമ്പത്തിക വർഷത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനു പുറമേ ഗുണനിലവാരമുള്ള മത്സ്യം ശുചിത്വമായ സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നതിന് മത്സ്യഫെഡ് മുഖേന ആധുനീകരിച്ച എയർകണ്ടീഷൻ ചെയ്ത 50 ഫിഷ് മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. സർവ്വീസ് |

| | | | |
|---|---|---|---|
| | | | സഹകരണ ബാങ്ക്/സംഘവുമായി ചേർന്നുള്ള മത്സ്യവിപണന പദ്ധതിയിൽ കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലും ഫിഷ് മാർട്ട് ആരംഭിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ നിയോജക മണ്ഡലങ്ങളിലായി 59 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ പ്രവർത്തിക്കുന്നു. കൂടാതെ മത്സ്യകർഷകർ ഉല്പാദിപ്പിക്കുന്ന ഗിഫ്റ്റ് തിലാപ്പിയ, കാളാഞ്ചി, വനാമി ചെമ്മീൻ എന്നിവ ഉപഭോക്താക്കളുടെ ആവശ്യാനുസരണം മത്സ്യഫെഡ് ഫിഷ് മാർട്ടുകളിൽ സംഭരിച്ച് വില്പന നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ശുദ്ധജല മത്സ്യകൃഷിയുടെ വിശദാംശങ്ങൾ

| ക്രമ നം: | മത്സ്യകൃഷി രീതി | ഹെക്ടർ/ യൂണിറ്റ് | ധനസഹായം (ലക്ഷത്തിൽ) |
|---|---|---|---|
| 1 | അർദ്ധ ഊർജ്ജിത ശുദ്ധജല മത്സ്യകൃഷി | 1445 ഹെക്ടർ | 1770.00 |
| 2 | സ്വകാര്യ കുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി | 2860 ഹെക്ടർ | 85.80 |
| 3 | പൊതു കുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി | 1516 ഹെക്ടർ | 45.48 |
| 4 | ഒരു നെല്ലും ഒരു മീനും കൃഷി | 19850 ഹെക്ടർ | 756.40 |
| 5 | പടുതാകുളത്തിലെ ഊർജിത ശുദ്ധജല മത്സ്യകൃഷി | 6110 യൂണിറ്റ് | 763.78 |
| 6 | റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (50 $m^3$) | 290 യൂണിറ്റ് | 253.20 |
| 7 | റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (100 $m^3$) | 263 യൂണിറ്റ് | 391.28 |
| 8 | ശുദ്ധജലത്തിലെ കൂടു കൃഷി | 670 യൂണിറ്റ് | 418.64 |
| 9 | പിന്നാമ്പുറങ്ങളിലെ വരാൽ വിത്തുല്പാദനം | 40 യൂണിറ്റ് | 19.20 |

## ഓരുജല മത്സ്യകൃഷിയുടെവിശദാംശങ്ങൾ

| ക്രമ നം: | മത്സ്യകൃഷി രീതി | ഹെക്ടർ/ യൂണിറ്റ് | ധനസഹായം (ലക്ഷത്തിൽ) |
|---|---|---|---|
| 1 | അർദ്ധ ഊർജ്ജിത ഓരുജല മത്സ്യകൃഷി | 320 ഹെക്ടർ | 422.40 |
| 2 | ഓരുജലത്തിലെ വിശാല മത്സ്യകൃഷി | 275 ഹെക്ടർ | 22.00 |
| 3 | ശാസ്ത്രീയ ചെമ്മീൻ കൃഷി | 167 ഹെക്ടർ | 206.64 |
| 4 | ഒരു നെല്ലും ഒരു ചെമ്മീനും കൃഷി | 455 ഹെക്ടർ | 43.68 |
| 5 | ഞണ്ട് കൃഷി / കൊഴുപ്പിക്കൽ | 32.50 ഹെക്ടർ | 61.80 |
| 6 | ബയോഫ്ളോക്ക് കൃഷി (20 $m^3$) | 3380 യൂണിറ്റ് | 458.16 |
| 7 | ബയോഫ്ളോക്ക് കൃഷി (50 $m^3$) | 75 യൂണിറ്റ് | 78.75 |
| 8 | ബയോഫ്ളോക്ക് കൃഷി (160 $m^3$) | 490 യൂണിറ്റ് | 716.00 |
| 9 | ഓരുജലത്തിലെ കൂടു കൃഷി | 1725 യൂണിറ്റ് | 1062.20 |
| 10 | കല്ലുമ്മേക്കായ കൃഷി | 832 യൂണിറ്റ് | 49.92 |
| 11 | പിന്നാമ്പുറങ്ങളിലെ കരിമീൻ വിത്തുല്പാദനം | 220 യൂണിറ്റ് | 95.36 |

**സെക്ഷൻ ഓഫീസർ**